# നവകേരളം വാർത്ത

ഓൺലൈൻ വായനയ്ക്ക്

ന്യൂസ്‌ലെറ്റർ

2024 ഏപ്രിൽ വാല്യം 1 & 2

32

നവകേരളം കർമപദ്ധതി


## കാർബൺ സീക്വസ്ട്രേഷൻ വിഷയമാക്കി ശില്പശാല



കാർബൺ സീക്വസ്ട്രേഷൻ വിഷയമാക്കി ഹരിതകേരളം മിഷനിൽ ശിൽപ്പശാല സംഘടിപ്പിച്ചു. പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകേരളം മിഷൻ നേതൃത്വത്തിൽ സംസ്ഥാനത്തു തുടക്കമിട്ട നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനോടനുബന്ധിച്ചായിരുന്നു ശില്പശാല. ഹരിതഗൃഹ വാതകങ്ങളിൽ കൂടുതലായി കാണുന്ന കാർബൺ ഡൈഓക്സൈഡിന്റെ അളവ് അന്തരീക്ഷത്തിൽ ലഘൂകരിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങളിലൊന്നാണ് കാർബൺ സീക്വസ്ട്രേഷൻ അഥവാ കാർബണിനെ വേർതിരിച്ചുള്ള ദീർഘകാല സംഭരണം. മനുഷ്യജന്യമായി അന്തരീക്ഷത്തിലെത്തുന്ന കാർബൺ ദീർഘകാലം സംഭരിച്ച് സൂക്ഷിക്കുന്ന പ്രക്രിയയാണിത്. കരയിൽ ഇതിന് മുഖ്യ പങ്കു വഹിക്കുന്നത് മണ്ണും ചെടികളുമാണ്. കാർബൺ അക്കൗണ്ടിംഗിൽ, മരങ്ങളുള്ള മണ്ണിലേയും മരങ്ങളില്ലാത്ത മണ്ണിലേയും കാർബൺ സംഭരണ തോതു ശേഷിയും, കാർബൺ സീക്വസ്ട്രേഷൻ കണക്കാക്കുന്നതിനുള്ള വിവിധ സമവാക്യങ്ങൾ തുടങ്ങിയവ ശിൽപ്പശാലയിൽ ചർച്ചയായി. സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ 92 ഗ്രാമപഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായാണ് നെറ്റ് സീറോ കാർബൺ കേരളം പദ്ധതി നടപ്പാക്കുന്നത്. ഈ പ്രദേശങ്ങളിൽ ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമന തോതും കാർബൺ സംഭരണ തോതും കണക്കാക്കാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ ആവിഷ്കരിക്കാൻ കൂടി ലക്ഷ്യമിട്ടാണ് ശിൽപ്പശാല സംഘടിപ്പിച്ചത്.

തിരുവനന്തപുരത്ത് നവകേരളം കർമപദ്ധതി സംസ്ഥാന ഓഫീസിലെ സെമിനാർ ഹാളിൽ സംഘടിപ്പിച്ച ശിൽപ്പശാലയിൽ നവകേരളം കർമപദ്ധതി അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ ആമുഖാവതരണം നടത്തി. ഹരിതകേരളം മിഷനിലെ കൃഷി ഉപമിഷൻ അസി. കോർഡിനേറ്റർ എസ്.യു. സഞ്ജീവ് ശിൽപ്പശാലയ്ക്ക് നേതൃത്വം നൽകി. കാർഷിക സർവകലാശാല, ജവഹർലാൽ നെഹ്‌റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ, കേരള ഫോറസ്റ്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സി.ഡബ്ല്യു.ആർ.ഡി.എം., കാലിക്കറ്റ് സർവ്വകലാശാല, കേരള സർവ്വകലാശാല പരിസ്ഥിതി വിഭാഗം, പാലക്കാട് ആസ്ഥാനമാക്കി പരിസ്ഥിതി പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടന 'സൈൻ', തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞരും വിദഗ്ധരും ശിൽപ്പശാലയിൽ അവതരണങ്ങൾ നടത്തി. പ്രൊഫ. ജോമി അഗസ്റ്റിൻ, ഹരിതകേരളം മിഷൻ ഉദ്യോഗസ്ഥർ, യംഗ് പ്രൊഫഷണലുകൾ, ഇന്റേൺസ് തുടങ്ങിയവർ ശിൽപ്പശാലയിൽ പങ്കെടുത്തു.

## ഹരിത വിദ്യാലയങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും ഹരിത സമൃദ്ധി പഞ്ചായത്ത് പ്രഖ്യാപനവും

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്കിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ 28 ഹരിത ഓഫീസുകൾക്കും 17 ഹരിത വിദ്യാലയങ്ങൾക്കുമുള്ള സർട്ടിഫിക്കറ്റ് വിതരണവും ഹരിതസമൃദ്ധി പഞ്ചായത്ത് പ്രഖ്യാപനവും നടന്നു. വൈസ് പ്രസിഡന്റ് എൽ. ശാന്തിമതിയുടെ അധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡന്റ് എം. സോമശേഖരൻ നായർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഹരിതസമൃദ്ധി പ്രഖ്യാപനം ഹരിതകേരളം മിഷൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ കൃഷ്ണകുമാർ, ഹരിത ഓഫീസുകളുടെ പ്രഖ്യാപനം ജില്ലാ കോർഡിനേറ്റർ സി. അശോക് എന്നിവർ നിർവഹിച്ചു.

# വിദ്യാർത്ഥികൾക്കായി പരിസ്ഥിതി പഠനക്യാമ്പുകൾ



നവകേരളം കർമപദ്ധതിയുടെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ കുട്ടികൾക്കായി പരിസ്ഥിതിപഠന ക്യാമ്പുകൾ സംഘടിപ്പിച്ചു. നീല, പച്ച, ചുവപ്പ് എന്ന പരിസ്ഥിതിപഠന കാമ്പയിനിന്റെ ഭാഗമായി പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിലെ വന്നേരി ഹൈസ്കൂളിലും ആലംകോട് ഗ്രാമപഞ്ചായത്തിലെ ചിയ്യാനൂർ ഗവൺമെന്റ് എൽ.പി. സ്കൂളിലുമാണ് കാമ്പുകൾ സംഘടിപ്പിച്ചത്. വന്നേരി ഹൈസ്കൂളിൽ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിനീഷ മുസ്തഫ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതോടൊപ്പം വന്നേരി ഹൈസ്കൂളിൽ നിർമ്മിക്കുന്ന പച്ചത്തുരുത്തിന്റെ നിർമ്മാണോദ്ഘാടനവും നിർവ്വഹിച്ചു. രണ്ട് സെന്റ് ഭൂമിയിൽ ഫലവൃക്ഷതൈകൾ ഉൾപ്പെടുത്തിയാണ് പച്ചത്തുരുത്ത് നിർമ്മിക്കുന്നത്. മാലിന്യസംസ്കരണം, മണ്ണ്-ജലസംരക്ഷണം, ജൈവകൃഷി, പച്ചത്തുരുത്ത് നിർമ്മാണം എന്നിവയെ സംബന്ധിച്ച് നവകേരളം കർമപദ്ധതി റിസോഴ്സ് പേഴ്സൺ മിഥുന ഷിബിൻ ക്ലാസ് നയിച്ചു. ചിയ്യാനൂർ ഗവൺമെന്റ് എൽ. പി. സ്കൂളിൽ സംഘടിപ്പിച്ച പരിസ്ഥിതിപഠനക്യാമ്പ് പ്രധാനാദ്ധ്യാപകൻ സുരേഷ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

# മില്ലറ്റ് കൃഷി വിളവെടുപ്പുമായി വടകര നഗരസഭ

ഹരിതകേരളം മിഷന്റെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി വടകര നഗരസഭ വാർഡ് നാല് പഴങ്കാവിലെ പള്ളിയെരഞ്ഞി പ്രദേശത്ത് ഹരിതകേരളം മിഷൻ, മില്ലറ്റ് മിഷൻ, കൃഷി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ നടത്തിയ മില്ലറ്റ് കൃഷിയുടെ വിളവെടുപ്പ് വാർഡിലെ കർഷക കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തി. വടകര നഗരസഭ ഏറ്റെടുത്ത നെറ്റ് സീറോ കാർബൺ കേരളം പദ്ധതിയുടെ ഭാഗമായാണ് മില്ലറ്റ് കൃഷി ആരംഭിച്ചത്. കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് ഐ എ എസ് ആണ് കഴിഞ്ഞ ഡിസംബറിൽ പദ്ധതി ഉദ്ഘാടനം നടത്തിയത്. ജോവർ, ബാജ്റ എന്നീ ഇനങ്ങളാണ് കൃഷി ചെയ്തത്. നെൽകൃഷിക്കുള്ളതിനേക്കാൾ ജലസേചനവും സാമ്പത്തിക ചെലവും മില്ലറ്റ് കൃഷിക്ക് കുറവാണ്. കൂടാതെ അന്തരീക്ഷത്തിലെ കാർബണിനെ കൂടുതലായി ആഗിരണം ചെയ്യാനുള്ള കഴിവും മില്ലറ്റിനുണ്ട്. ഈ സാധ്യതകൾ പരിഗണിച്ചുകൊണ്ടാണ് നഗരസഭ പരീക്ഷണാടിസ്ഥാനത്തിൽ മില്ലറ്റ് കൃഷി ആരംഭിച്ചത്.

# വാട്ടർ തീം പാർക്ക് ശുചീകരണം

ഹരിത വോട്ട് കാമ്പെയിന്റെ ഭാഗമായി ശുചിത്വ മിഷനും ഇടുക്കി ജില്ലാ ഭരണകൂടവും ഹരിതകേരളം മിഷനും സംയുക്തമായി കാഞ്ഞാർ വാട്ടർ തീം പാർക്ക് ശുചീകരണം നടത്തി. ഹരിതകർമസേനാംഗങ്ങളായ ലിസി, അജിത എന്നിവരും മൂലമറ്റം സെന്റ് ജോസഫ് അക്കാദമിയിലെ എൻ.എസ്.എസ് വിദ്യാർത്ഥികളും സർക്കാരിന്റെ സന്നദ്ധസേന അംഗങ്ങളും ശുചീകരണത്തിൽ പങ്കാളികളായി. ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ ഭാഗ്യരാജ് ശുചീകരണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.




# ഹരിത കർമസേനയ്ക്ക് കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ കൈത്താങ്ങ് ; മാലിന്യ ശേഖരണത്തിനായി 125 ട്രോളികൾ

ഹരിത കർമസേനയ്ക്ക് എറണാകുളം കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ കൈത്താങ്ങ്. മാലിന്യശേഖരണം എളുപ്പമാക്കുക എന്ന ലക്ഷ്യത്തോടെ 125 ട്രോളികളാണ് ഹരിത കർമസേനാംഗങ്ങൾക്ക് നൽകുന്നത്. ഇതുവഴി സംഭരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫ്. (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) ലേക്ക് മാറ്റുന്ന പ്രവർത്തി എളുപ്പമാകും. ട്രോളികളുടെ വിതരണ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എ.എം. ബഷീർ നിർവഹിച്ചു. ശുചിത്വ മേഖലയ്ക്ക് പ്രാധാന്യം നൽകി വിവിധ പദ്ധതികൾ ഏറ്റെടുക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് പ്രത്യേക ശ്രദ്ധയാണ് നൽകുന്നത്.

ബ്ലോക്ക് പരിധിയിൽ വരുന്ന പത്ത് പഞ്ചായത്തുകളുടെയും ആവശ്യാനുസരണമാണ് ട്രോളികൾ ലഭ്യമാക്കുന്നത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപ വകയിരുത്തിയാണ് ട്രോളികൾ വിതരണം ചെയ്യുന്നത്.

# വിദ്യാർത്ഥികളുടെ ഹരിത പോലീസ് കേഡറ്റുകൾക്ക് യൂണിഫോം, ഐഡിന്റിറ്റി കാർഡ് വിതരണം



കണ്ണൂർ പായം ഗ്രാമപഞ്ചായത്തിലെ പത്ത് സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട അൻപത് ഹരിത പോലീസ് കേഡറ്റുകളായ വിദ്യാത്ഥികൾക്കുള്ള യൂണിഫോം ഐഡിന്റിറ്റി കാർഡ് വിതരണ ഉദ്ഘാടനം നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി. രജനി അധ്യക്ഷത വഹിച്ചു.

പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പായം പഞ്ചായത്ത് നടപ്പിലാക്കുന്ന ഈ പദ്ധതി സംസ്ഥാനത്ത് തന്നെ മാതൃകാപരമാണ്. പഞ്ചായത്തിലെ 10 വിദ്യാലയങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട 5 വിദ്യാർത്ഥികളാണ് GPC യിൽ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മണ്ണിനെയും ജലത്തെയും പ്രകൃതിയെയും സംരക്ഷിക്കുന്നതിനും കുട്ടികളിൽ സാമൂഹ്യ ബോധവും പ്രതിബദ്ധതയും വളർത്തുന്നതിനും വിദ്യാലയങ്ങളിലും വീടുകളിലും പൂന്തോട്ടങ്ങളും പച്ചത്തുരുത്തുകളും സ്ഥാപിക്കുന്നതിനും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പഠിക്കാനും മറ്റുള്ളവർക്ക് പകരുന്നതിനും നേതൃത്വപരമായ പങ്ക് വഹിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി കുട്ടികൾക്ക് യൂണിഫോമും ഐഡി കാർഡും നൽകി.

# കാർബൺ തുലിത ക്യാമ്പസ് ശിൽപ്പശാല

ഹരിതകേരളം മിഷന്റെ നെറ്റ്സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി കാർബൺ തുലിത ക്യാമ്പസ് എന്ന വിഷയത്തെ ആസ്പദമാക്കി മലപ്പുറം ജില്ലയിലെ വാഴയൂർ സാഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ ഏകദിന ശില്പശാല സംഘടപ്പിച്ചു. വാഴയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.പി. വാസുദേവൻ മാസ്റ്റർ ശിൽപശാല ഉദ്ഘാടനം ചെയ്തു. തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പരിസ്ഥിതി പഠനസ്കൂൾ ഡയറക്ടർ ഡോ. അരുൺ ബാബു വി. മുഖ്യപ്രഭാഷണം നടത്തി. കാലാവസ്ഥ വ്യതിയാനത്തിന്റെ കാരണങ്ങൾ, സവിശേഷതകൾ, പ്രത്യാഘാതങ്ങൾ, പരിഹാര മാർഗങ്ങൾ എന്നിവയെല്ലാം വിഷയമായി. കാർബൺ പാദമുദ്ര കുറഞ്ഞ പരിസ്ഥിതി സൗഹൃദ ജീവിത ശൈലി ഒരോരുത്തരും പ്രായോഗികമാക്കേണ്ടതിന്റെ പ്രാധാന്യം വിലയിരുത്തപ്പെട്ടു.




# കോട്ടക്കൽ ഫാറൂഖ് കോളേജിൽ നവകേരളത്തിനായി ക്യാമ്പസുകൾ പദ്ധതി

മലപ്പുറം ജില്ലാ ഹരിതകേരളം മിഷൻ നടപ്പിലാക്കുന്ന നവകേരളത്തിനായി ക്യാമ്പസുകൾ പദ്ധതി കോട്ടക്കൽ ഫാറൂഖ് ആർട്സ് ആൻഡ് സയൻസ് കോളേജിലും ആരംഭിച്ചു. കോളേജിലെ നാഷണൽ സർവീസ് സ്കീം യൂണിറ്റ്, സസ്യശാസ്ത്ര വിഭാഗം എന്നിവയുടെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. സെമിനാർ ഹാളിൽ നടന്ന ചടങ്ങ് പ്രിൻസിപ്പാൾ പ്രൊഫ. എം. അബ്ദുൽ അസീസ് ഉദ്ഘാടനം ചെയ്തു. അക്കാദമിക സമൂഹവും ഗവൺമെന്റ് സംവിധാനവും കൈകോർക്കുന്നത് മികച്ച ഫലങ്ങൾ സൃഷ്ടിക്കുമെന്ന പ്രതീക്ഷ പങ്കുവെച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ജിതിൻ ടി.വി.എസ്. ചടങ്ങിന് അധ്യക്ഷത വഹിച്ചു.






# വാമനപുരം നദീതീര സംരക്ഷണത്തിന് നീർധാര പദ്ധതി

തിരുവനന്തപുരം ആറ്റിങ്ങൽ വാമനപുരം നദീതീരം സംരക്ഷണത്തിന്റെ ഭാഗമായ നീർധാര പദ്ധതി നഗരസഭ ചെയർപേഴ്സൻ അഡ്വ. എസ്. കുമാരി ഉദ്ഘാടനം ചെയ്തു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ പച്ചംകുളം വാർഡിലെ പൊന്നറ പാടശേഖരത്തിലെ 2 കിലോമീറ്റർ ദൈർഘ്യമുള്ള തോടും അനുബന്ധ നീർച്ചാലുകളും വൃത്തിയാക്കി. നഗരപരിധിയിലൂടെ വാമനപുരം നദി കടന്നുപോകുന്ന തീരമേഖലകളും കടവും തോടുകളും വൃത്തിയാക്കും. നദിതീരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ പ്രദേശങ്ങളിൽ ജൈവവേലിയും മഴക്കുഴിയും തടയണയും നിർമ്മിച്ച് മണ്ണൊലിപ്പും തടയും. മഴക്കാലത്ത് നദി കരകവിഞ്ഞൊഴുകി ഉണ്ടാവുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കാനും ഈ പദ്ധതിയിലൂടെ സാധിക്കും.

# പേരാവൂർ "മോഡൽ" പഠിക്കാൻ കോഴിക്കോട് ജില്ലാ ടീം



കണ്ണൂർ പേരാവൂർ ബ്ലോക്കിലെ മുഴക്കുന്ന്, കേളകം പഞ്ചായത്തുകളിൽ നടപ്പിലാക്കിയ വിവിധ മോഡൽ പദ്ധതികൾ പഠിക്കാൻ നവകേരളം കർമപദ്ധതി കോഴിക്കോട് ജില്ലാ കോർഡിനേറ്റർ പി.ടി. പ്രസാദിന്റെ നേതൃത്വത്തിലുള്ള റിസോഴ്സ് പേഴ്സൺമാരുടെ സംഘം എത്തി. മുഴക്കുന്ന് പഞ്ചായത്തിലെ അയ്യപ്പൻകാവ് പച്ചത്തുരുത്ത്, നെറ്റ് സീറോ കാർബൺ കേരളം പദ്ധതിയിൽ നടപ്പിലാക്കിയ 136 ഏക്കർ സസ്യവൈവിധ്യ ഡിജിറ്റൽ സർവേ, ഊർജ സംരക്ഷണത്തിൽ മികച്ച പ്രവർത്തനവും, ദേവഹരിതം പച്ചത്തുരുത്തും നിർമിച്ച് കേരളത്തിലെ ആദ്യ "നെറ്റ് സീറോ കാർബൺ ക്ഷേത്രം" ആയി മാറാൻ പദ്ധതി തയ്യാറാക്കിയ മൃദംഗ ശൈലേശ്വരി ക്ഷേത്രം, കേളകം പഞ്ചായത്തിൽ നടപ്പിലാക്കിയ ഹരിത ടൂറിസം, നീരുറവ് പദ്ധതിയിൽ ജലസംരക്ഷണത്തിനായി ചീങ്കണ്ണിപുഴയിൽ പുഴങ്കല്ലിൽ നിർമിച്ച നൂറ് കണക്കിന് തടയണകൾ, പാലുകാച്ചി ഇക്കോ ടൂറിസം മോഡൽ എന്നിവയാണ് സന്ദർശിച്ചത്. പാലുകാച്ചിമല, ചീങ്കണ്ണി പ്പുഴ, ആനമതിൽ, തടയണ നിർമിച്ച പ്രദേശങ്ങൾ എന്നിവയും ഇവർ സന്ദർശിച്ചു.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in